


# സ്വപ്നം വിതച്ചു കാത്തിരിക്കുന്നവൾ

സുജ

മണ്ണ്, മനുഷ്യൻ, പ്രകൃതി, ജീവിതം
എന്നൊക്കെ വേർതിരിച്ചുകാണുംമുമ്പ്
ഒരു കാട്ടുചെടിയെ പോലെയായിരുന്നു
ഞാനെന്ന ചെറിയ പെൺകുട്ടി.

കുട്ടിക്കാലം
സമൃദ്ധിയുടേതല്ലായിരുന്നു
ആഹാരം
വസ്ത്രം
പണം
എല്ലാം
അത്യാവശ്യത്തിനോ
അതിൽ കുറച്ചോ മാത്രം

വീടിരിക്കുന്ന ചെറിയ തൊടിയിൽ
വെറും കാലേക്കർ ഭൂമിയിൽ
മൽബറി, പേര, നെല്ലി, ആത്ത, ഫാഷൻ ഫ്രൂട്ട്
ചാമ്പ, തെങ്ങ്, മാവ്, പ്ലാവ്, പപ്പായ...
തുടങ്ങിയ ഫലവൃക്ഷങ്ങളും
ചീര, ചേന, ചേമ്പ്, പയർ, വഴുതിന, നാരകം
കറിവേപ്പ്, മത്തൻ, കുമ്പളം .... തുടങ്ങി
പച്ചക്കറികൾ പലതരവും ഉണ്ടായിരുന്നു.
മുല്ല, ചെത്തി, ചെമ്പരത്തി, നന്ത്യാർവട്ടം
പൂച്ചെടികൾ വേറെയുമുണ്ടായിരുന്നു.
കോഴി, ആട്, താറാവ്, പന്നി, പശു, മുയൽ
വളർത്തുമൃഗങ്ങളും ഞങ്ങളോടൊപ്പം വളർന്നിരുന്നു.
'കൃഷി'പ്പണികൾ
ചെയ്യാതിരുന്ന
ആ പുരയിടത്തിൽ
വെളിമ്പ്രദേശങ്ങൾ
ഇനിയുമുണ്ടായിരുന്നുതാനും.
രാവിലെ സ്കൂളിൽ പോവുംമുമ്പ്
വീടും മുറ്റവും അടിച്ചുവാരും
തൊഴുത്ത് വൃത്തിയാക്കും
ചപ്പുചവറുകളും ചാണകവും
ഏതെങ്കിലുമൊക്കെ മരച്ചുവടുകളിലിടും
തോട്ടിൽ പോയി കുളിക്കും
ഓടിപ്പോയി, ചീരയിലയോ വഴുതിനയോ പൊട്ടിക്കും
അമ്മ അതെല്ലാം പാകപ്പെടുത്തി പൊതിച്ചോറുതരും
വൈകുന്നേരം, വീണ്ടും ആടുമാടുകൾക്ക്
തീറ്റ പറിക്കലും
കോഴി താറാവുകളെ കൂട്ടിലാക്കലും
തോട്ടിൽ കുളിക്കലും

ആ കിണറ്റിലെ
വെള്ളത്തിന്
എന്തുമധുരമായിരുന്നു
കറുത്ത പഴുത്ത
മൾബറികായകൾക്ക്
എന്ത് തിളക്കമായിരുന്നു
ആത്തയുടെയും പേരയുടെയും
അറ്റംവരെ കയറി
പഴങ്ങൾ പൊട്ടിച്ച്
അവിടെത്തന്നെയിരുന്ന്
തിന്നുമ്പോൾ....

ഞാൻ വേറൊന്നായിരുന്നില്ല
ആണ്, പെണ്ണ്



ഞാൻ, നീ
അത്, ഇത്..
അങ്ങനെ, ഇങ്ങനെ
എന്നൊന്നുമില്ലാതെ
എല്ലാവരും ചേർന്ന്
എല്ലാത്തിനോടും ചേർന്ന്
വളർന്നു വലുതാവുകയായിരുന്നു.
ആരെങ്കിലും
എപ്പോഴെങ്കിലും
വലിയ കൃഷി എന്ന മട്ടിൽ
ഒരു തൈ നടുകയോ
വെള്ളമൊഴിക്കുകയോ
വളമിട്ട് പരിപാലിക്കുകയോ
ചെയ്ത ഓർമ്മയില്ല.

മണ്ണ്
ജീവന്റെ
ജീവിതത്തിന്റെ
സ്വാഭാവിക ഭാഗം
മാത്രമായിരുന്നു.

ഒറ്റവൈക്കോൽ വിപ്ലവം
വായിച്ചറിയുന്നതിന്
എത്രയോമുമ്പ്
മണ്ണ്, അതിന്റെ അനുഭവം
എനിക്കുതന്നു.

**രണ്ട്**

ഈയിടെ, മാത്രമാണ്
ഒറ്റവൈക്കോൽ വിപ്ലവം
ഞാൻ വായിക്കുന്നത്
പ്രകൃതിയിലുള്ള ജീവിതം
സമസ്തവുമറിയുന്നതും
സമഗ്രവുമാണെന്ന്,
ശാസ്ത്രത്തിന്റെ വിദ്യാഭ്യാസത്തിന്റെ
വ്യവസായത്തിന്റെ ഒക്കെ
നിഷ്ഫലത തിരിച്ചറിയുന്നതാണെന്ന്
മണ്ണിൽ വളരുമ്പോഴാണ്
ജീവിതം ഫലമണിയുന്നതെന്ന്
ഫുക്കുവോക്ക,
വീണ്ടും എന്നോട് പറയുന്നു.

**മൂന്ന്**

പഠിച്ചു, തൊഴിൽ തേടി, കുടുംബം കെട്ടി
പണവും, സൗകര്യവും, സാമാനങ്ങളുമായി...
പക്ഷെ, ഒരു മരച്ചുവടിനുവേണ്ടി
ഒരുപിടി മണ്ണിനുവേണ്ടി
എന്റെ മനസ്സ് ദാഹിച്ചുകൊണ്ടിരുന്നു.

ഒരിക്കൽ
കേരളീയത്തിലാണ്
'ശ്രദ്ധ'യെപ്പറ്റി
വായിച്ചത്.
പാലക്കാടിനടുത്തുള്ള
ശ്രദ്ധയെന്ന പ്രകൃതിസഹവാസകേന്ദ്രം
സുമനും ജലജയും നിത്യയും ജീവിക്കുന്ന,
അനുരാഗമെന്ന വീടിന്റെ ചുറ്റുപാടുകൾ,
എന്നിലെ പഴയ പെൺകുട്ടിയെ തിരിയെതന്നു.

സുമന്റെ ജീവിത പ്രത്യശാസ്ത്രങ്ങൾ എനിക്കറിയില്ല,
അയാളുടെ പ്രകൃതിയനുഭവങ്ങളും.
പക്ഷെ, ആ മണ്ണ്, ആ മരങ്ങൾ, ആ കാറ്റ്
എന്നിൽ പുതിയൊരു സ്വതന്ത്രബോധമുണ്ടാക്കി.
പടർന്ന് നിലംപറ്റിയ മാവിൻകൊമ്പുകളിൽ
ഇലകളടർന്നുവീണ മണ്ണിൽ, ഇളംചൂടുള്ള ചെറുപാറ
കളിൽ
ഞാൻ, എന്നോട് കൂട്ടുകൂടി നടന്നു.
എന്റെ സ്വപ്നങ്ങൾ
എവിടെയോ
എന്നോ
എങ്ങനെയോ
സാക്ഷാത്കരിക്കപ്പെടുന്നുവെന്ന്
ഞാനറിഞ്ഞു

നാല്

എന്റെ സ്വപ്നത്തിലെ ഞാൻ
നാളം നിവൃത്തീകരിക്കപ്പെടും.
തെളിവെള്ളമൊഴുകുന്ന
കൊച്ചുപുഴയ്ക്കരികിൽ
കാട്ടുപൊന്തകളും ചെടികളും
കുറ്റൻമരങ്ങളും
മണ്ണിന്റെ മണവും...
വീണ്ടും
ഒരു കാട്ടുചെടിയായി
ഞാനും....



*കെ.ആർ.ഡബ്ലിയു.എ., 76-എ, ഐ.എ.എസ്. കോളനി,*
*വട്ടിയൂർക്കാവ്, തിരുവനന്തപുരം-13*